K15U 0006

Reg. No.: ...............................

Name : ...................................

III Semester B.A./B.Sc. Degree (CCSS – Supple./Improve.)
Examination, November 2015
COMMON COURSE IN MALAYALAM
3 A 09 MAL : മധ്യകാലകവിത madyakala kavitha
(2012/13 Admission)

Time : 3 Hours Max. Weightage : 30

I. നാലു വിഭാഗം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (4×1=4 വെയിറ്റേജ്)

1) 'സന്യാസിയല്ലിതു നിർണ്ണയം താൻ
എന്നുടെ മാനസം ഖിന്നമാക്കിടുവാൻ
ചരന്നനായ് വന്നൊരു കാമനത്രെ'

a) ഏതു കൃതിയിലെ വരികളാണ് ഇത് ?

b) സന്യാസിയായി വന്നത് ആരാണ് ?

c) ആരുടെ മാനസമാണ് ഖിന്നമായത് ?

d) 'ചരന്നൻ' അർത്ഥമെന്ത് ?

2) ത്രിവിക്രമൻ മഥുരയ്ക്കു ചെല്ലുന്നേരമഗതിയാം
ത്രിവക്രയെക്കണ്ടു കൂനും നിവർത്തുവേഗാൽ
അവക്രയാക്കിയെന്നല്ല മാറത്തെ മങ്കയേക്കാളും
അവൾക്കഴകേറിവച്ചതെന്തൊന്നിരിപ്പൂ

a) ഏതു കൃതിയിലെ വരികളാണ് പ്രസ്തുതം ?

b) 'ത്രിവിക്രമൻ' ആരാണ് ?

c) 'മാറത്തെ മങ്ക' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെ ?

d) 'ത്രിവക്ര' ആരാണ് ?

P.T.O.

3) നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും

a) ഏതു കൃതിയിലെ വരികളാണിത് ?
b) ആര് ആരോട് പറയുന്നു ?
c) 'അമിത്രവീരന്മാർ' അർത്ഥമെന്ത് ?
d) 'ബാഹുജൻ' അർത്ഥമെന്ത് ?

4) കണ്ണും ദിക്കുമില്ലാത്ത കിഴവച്ചാരുടെ വായിൽ
മണ്ണുചേർക്കുമിക്കൂട്ടമെന്നു നമ്മുടെ പക്ഷം

a) ഏതു കൃതിയിലേതാണ് പ്രസ്തുത വരികൾ ?
b) കർത്താവാര് ?
c) 'കിഴവച്ചാർ' എന്നു വിളിച്ചിരിക്കുന്നത് ആരെ ?
d) 'മണ്ണു ചേർക്കുന്ന കൂട്ടം' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ് ?

5) a) ബദറുൽ മുനീർ – ഹുസ്നുൽ ജമാൽ എഴുതിയതാര് ?
b) 'ഇശൽ' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
c) 'ബദറുൽ മുനീർ' എന്ന വാക്കിന്റെ അർത്ഥമെന്ത് ?
d) 'ഹുസ്നുൽ ജമാൽ' എന്ന വാക്കിന്റെ അർത്ഥമെന്ത് ?

II. **എഴുപത്തിയഞ്ചു (75)** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(4×1=4 വെയിറ്റേജ്)**

6) ''നീരുള്ളതെല്ലാമേ ദൂരെക്കളഞ്ഞിട്ടു
നീരില്ലയെന്നങ്ങു ചൊല്ലും പിന്നെ'' – സന്ദർഭമെന്ത് ?

7) 'കർമ്മപാശത്തെ ലംഘിക്കയെന്നതു
ബ്രഹ്മാവിന്നുമെളുതല്ല നിർണ്ണയം' – വിവക്ഷിതമെന്ത് ?

8) 'എന്തുകൊണ്ടോ, ശൗരി കണ്ണുനീരണിഞ്ഞു ; ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ' – സ്വാരസ്യം വ്യക്തമാക്കുക.

9) 'ദൈവദോഷം നിനക്കു വന്നു ഭാവമിളപ്പെട്ടില്ലയോ ?
ഇനിപ്പോരുന്നതാകിൽ വനവാസം ചെയ്ക തോറ്റാൽ
ജയിച്ചോർക്കു നാടും' – സന്ദർഭം വിശദമാക്കുക.

10) 'വെള്ളമില്ലാത്ത പ്രദേശങ്ങളിൽ പിന്നെ
വെള്ളം വളരെയുണ്ടെന്നു തോന്നും' – സന്ദർഭമെന്ത് ?

III. **നൂറ്റമ്പത് (150)** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) 'ദലിതദേഹനായ് ചമഞ്ഞിതു പാർത്ഥൻ
ചലിതചിത്തനായിതു മുകുന്ദനും' – സന്ദർഭമെന്ത് ?

12) 'മുന്നമിക്കണ്ട വിശ്വമശേഷവും
ഒന്നായുള്ളൊരു ജ്യോതിസ്വരൂപമായ് ' – വ്യാഖ്യാനിക്കുക.

13) 'പറയിപെറ്റുളനാം പാക്കനാരെന്നു പുകഴ്ന്നൊരു
പറയപ്രൗഢനെക്കേട്ടാലറിയാതാരുമില്ലിപ്പോൾ' – വിവക്ഷിതമെന്ത് ?

14) 'കൈക്കലർത്ഥമൊന്നുമില്ലാഞ്ഞെന്റെ ഭക്തന്മാരർപ്പിച്ചാൽ
കയ്പ്പും കാഞ്ഞിരക്കുരുവുമെനിക്കമൃതം' – സന്ദർഭം വിശദമാക്കുക.

15) പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ ? – സന്ദർഭം വ്യക്തമാക്കി സൂചിതം വിവരിക്കുക.

16) 'കഴുത്തിൽ കെട്ടാനൊരു താലിയില്ല
കാതില്ടാൻ പറ്റ്യ ഓലയില്ല' – ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

IV. **മുന്നൂറു (300)** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

17) എഴുത്തച്ഛന്റെ രസഭാവസന്നിവേശത്തിലുള്ള അപാരനൈപുണ്യം പ്രകടമാക്കുന്ന കൃതിയാണ് മഹാഭാരതം കിളിപ്പാട്ട് – കർണ്ണപർവത്തെ മുൻനിർത്തി വിലയിരുത്തുക.

18) സങ്കീർത്തനഭക്തിയുടെ മാഹാത്മ്യമാണ് പൂന്താനം ജ്ഞാനപ്പാനയിലൂടെ വ്യക്തമാക്കുന്നത് – ഉപന്യസിക്കുക.

19) ജീവിതവും കവിതയും ഒന്നായിമാറുന്ന അനുഭവമാണ് 'കുചേലവൃത്തം' ആസ്വാദകർക്ക് നൽകുന്നത് – ചർച്ച ചെയ്യുക.

20) അറബിമലയാളത്തിന്റെ പ്രത്യേകതകൾ ബദറുൽ മുനീർ – ഹുസ്നുൽജമാലിനെ മുൻനിർത്തി പരിശോധിക്കുക.

---